പട്ടികജാതിക്കാക്ക് റിസർവ്വ് ചെയ്യുന്ന ഉദ്യോഗങ്ങൾ.

*429. [71] ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക്ക് സർവീസിൽ പട്ടികജാതിക്കാക്ക് റിസർവ്വ് ചെയ്യുന്ന ഉദ്യോഗങ്ങൾക്കെല്ലാം അർഹരായ അപേക്ഷകരെ ലഭിക്കുന്നുണ്ടോ ;

(ബി) കഴിഞ്ഞ സംവത്സരം ഇവക്ക് റിസർവ്വ് ചെയ്തിരുന്ന ഉദ്യോഗങ്ങളുടെ ആകെ എണ്ണം എത്രയായിരുന്നു ;

(സി) ഇതിൽ നിയമനം നൽകിയിട്ടുള്ള ഉദ്യോഗങ്ങളുടെ ആകെ എണ്ണം എത്രയായിരുന്നു ;

(ഡി) മിനിസ്റ്റേട്ടന്മാരുടെ കഴിഞ്ഞ തിരഞ്ഞെടുപ്പിനു് ഇവരിൽ എത്രപേരുടെ അപേക്ഷകൾ കിട്ടിയിരുന്നു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) റിസർവ്വ് ചെയ്തിട്ടുള്ള എല്ലാ ഉദ്യോഗങ്ങൾക്കും എല്ലായ്പ്പോഴും അർഹരായവരെ ലഭിക്കുന്നില്ല.

(ബി) 372.

(സി) 229.

(ഡി) നിർദ്ദിഷ്ട യോഗ്യതയുള്ളവരുടെ അപേക്ഷകൾ ഒന്നും തന്നെ ഇല്ലായിരുന്നു.

റയൻസ് ഫാക്ടറിയിൽ ഉൽപ്പാദിപ്പിക്കുന്ന കടലാസുകൾ.

*430. [73] ശ്രീ. കെ. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പാവൂർ റയൻസ് ഫാക്ടറിയിൽ ഉൽപ്പാദിപ്പിക്കുന്ന ട്രാൻസ്പേരൻറ് കടലാസുകൾ വിറ്റഴിക്കുന്ന വിലകൾ എത്തെല്ലാം ;

(ബി) നമ്മുടെ സംസ്ഥാനത്തിലെ ആവശ്യക്കാക്ക് ഈ കടലാസു ആവശ്യാനുസരണം കിട്ടുന്നില്ലാ എന്ന പരാതിയെപ്പറ്റി ബഹുമാനപ്പെട്ട ഗവണ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പെരുമ്പാവൂർ റയൻസ് ഫാക്ടറിയിൽ ഉൽപ്പാദിപ്പിക്കുന്ന ട്രാൻസ്പേരൻറ് പേപ്പർ വിറ്റഴിക്കുന്ന വിലകൾ ബാംബെ, അഹമ്മദബാദ്, മൈസൂർ, കൽക്കട്ട, ഡെൽഹി, മദ്രാസ് എന്നീ സ്ഥലങ്ങളിലാണ്.

(ബി) ഈ സംസ്ഥാനത്തിലെ ആവശ്യക്കാക്ക് ഈ പേപ്പർ ആവശ്യാനുസരണം കിട്ടുന്നില്ലാ എന്നു ഗവണ്മെൻറിനു പരാതി ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly